Malappuram District Police

# 17/05/2018 നിലമ്പൂർ

നിലമ്പൂർ · മെർച്ചന്റ് നേവി ഉദ്യോഗസ്ഥന്റെ വീട്ടിൽ നിന്ന് 25 പവന്റെ സ്വർണാഭരണവും പണവും കവർച്ച നടത്തിയ കേസിൽ രണ്ടു പേരെ പൊലീസ് അറസ്റ്റ് ചെയ്തു. രണ്ടു മാസത്തിനിടെ പ്രതികൾ നടത്തിയ 25 മോഷണങ്ങൾക്കും തുമ്പായി.

മഞ്ചേരി കവളങ്ങാട് അരീക്കാട് വീട്ടിൽ അനിൽകുമാർ എന്ന കാർലോസ് (51), മേലാറ്റൂർ പട്ടിക്കാട് പാലക്കാത്തൊടി കൂറ്റമ്പാറ അബ്ദുൽ ഹമീദ് എന്ന സുഡാനി ഹമീദ് (35) എന്നിവരെയാണ് ഇൻസ്പെക്ടർ കെ.എം.ബിജു അറസ്റ്റ് ചെയ്തത്. വിദേശത്തുള്ള ഉദ്യോഗസ്ഥന്റെ വീട്ടിൽ കഴിഞ്ഞ 25ന് ആണ് മുൻവാതിൽ പൂട്ട് പൊളിച്ച് കവർച്ച നടത്തിയത്.

മാതാവും ഭാര്യയും രണ്ടു ദിവസം മുൻപ് തൃശൂർ പൂരാഘോഷത്തിൽ പങ്കെടുക്കാൻ പോയതായിരുന്നു. 27ന് രാവിലെ തിരിച്ചെത്തിയപ്പോഴാണ് കവർച്ച അറിയുന്നത്. ആഭരണങ്ങൾക്ക് പുറമേ 15,000 രൂപയും നഷ്ടപ്പെട്ടു. മദ്യവും, ഫ്രിജിൽ സൂക്ഷിച്ച ഭക്ഷണം ചൂടാക്കി കഴിക്കുകയും വിശ്രമിക്കുകയും ചെയ്ത ശേഷം പ്രതികൾ രക്ഷപ്പെട്ടു. വിരലടയാളങ്ങളും, നാലാം ദിവസം പട്ടാമ്പിയിൽ കവർച്ച നടത്തവെ സിസിടിവിയിൽ ദൃശ്യങ്ങൾ പതിഞ്ഞതുമാണ് കേസിന് തുമ്പുണ്ടാക്കിയത്.

മണ്ണാർക്കാട് കൈതച്ചിറ മാളിയേക്കൽ അലിയുടെ വീട്ടിൽ സെറ്റോപ് ബോക്സ്, കോങ്ങാട് മാഞ്ചുരണ്ട ആനന്ദന്റെ വസതിയിൽ നിന്ന് 14 പവന്റെ സ്വർണം, എന്നിവിടങ്ങൾക്ക് പുറമേ ചെർപ്പുളശ്ശേരി, വളാഞ്ചേരി, ആലത്തൂർ, വടക്കാഞ്ചേരി, കൂറ്റനാട്, കോഴിക്കോട് കോയാസ് എന്നിവിടങ്ങളിലായി രണ്ടു മാസത്തിനിടെ 25

മോഷണങ്ങൾ നടത്തിയെന്ന് പ്രതികൾ സമ്മതിച്ചു. മോഷണ മുതലുകൾ കോഴിക്കോട്ടെ വിവിധ സ്ഥലങ്ങളിൽ വിൽപന നടത്തി. പ്രതികളെ കോടതി റിമാൻഡ് ചെയ്തു. എസ്ഐമാരായ ബിനു തോമസ്, പി.ജ്യോതീന്ദ്രകുമാർ, എഎസ്ഐ പി.മോഹൻദാസ്, സി.പി.സന്തോഷ്, സി.പി.മുരളി, മോഹനകൃഷ്ണൻ, എൻ.ടി.,കൃഷ്ണകുമാർ, ഷാഡോ സംഘത്തിലെ എം.അസൈനാർ, ടി.ശ്രീകുമാർ, ടി.ശശികുമാർ, രവീന്ദ്രൻ, എം.പി.ജയരാജ്, വാഹിദ്, വി.കെ.പ്രദീപ്, സക്കീർ, മാത്യു വർഗീസ്, പി.റഹിയാനത്ത് എന്നിവരും ചേർന്നാണ് പ്രതികളെ പിടികൂടിയത്.